## പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 551** **04.07.2019 -ൽ മറുപടിയ്ക്ക്**

## മലയാളത്തിളക്കം പദ്ധതി

ചോദ്യം **ഉത്തരം**

**ശ്രീ.എം.ഉമ്മർ**
**ശ്രീ.അബ്ദുൽ ഹമീദ് . പി.**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | അക്ഷരം അറിഞ്ഞുകൂടാത്ത കുട്ടികളെ പഠിപ്പിക്കുന്നതിനായുള്ള മലയാളത്തിളക്കം എന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് മാതൃഭാഷയിൽ പ്രാവീണ്യം നൽകുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് 'മലയാളത്തിളക്കം'. പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.2018-19 ലെ അദ്ധ്യയന വർഷം 3 മുതൽ 10 വരെ ക്ലാസ്സുകളിൽ പദ്ധതി നടപ്പിലാക്കി. കഴിഞ്ഞ 3 വർഷം 321531 കുട്ടികൾ പദ്ധതിയിലൂടെ കടന്നുപോയിട്ടുണ്ട്. അതിൽ 276884 കുട്ടികൾ ലക്ഷ്യം കൈവരിച്ചു. |
| ബി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി അധികസമയം കണ്ടെത്തണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി അധികസമയം കണ്ടെത്തണമെന്ന നിർദ്ദേശം നൽകിയിട്ടില്ല. ഒരു സ്കൂളിലെ എല്ലാ കുട്ടികൾക്കും മാതൃഭാഷയിൽ ആശയവിനിമയശേഷി ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത്തരം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതില്ല. |
| സി) | ഇത്തരം പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി ബി.ആർ.സി. കളിൽനിന്നുള്ള അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | സി) | ബി.ആർ.സി.കളിൽ നിന്നുള്ള അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബി.ആർ.സി.ട്രെയിനർമാരാണ് ഈ പദ്ധതിയ്ക്ക് വിദ്യാലയങ്ങളിൽ നേതൃത്വം നൽകിയത്. |
| ഡി) | ബി.ആർ.സി.കളിൽ നിലവിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; 'മലയാളത്തിളക്കം' പദ്ധതിയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | ഡി) | ബി.ആർ.സികളിൽ നിലവിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br>1.അദ്ധ്യാപകർക്ക് വിവിധ വിഷയങ്ങളിലുള്ള പരിശീലനം നൽകുക.<br>2.വിദ്യാലയങ്ങൾ സന്ദർശിച്ച് തത്സമയ പിൻതുണ നൽകുക.<br>3.അസസ്മെൻറ് പ്രവർത്തനങ്ങളിൽ അദ്ധ്യാപകരെ സഹായിക്കുക.<br>4. സമഗ്രശിക്ഷാ കേരളം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.<br>കഴിഞ്ഞവർഷം 321531 കുട്ടികൾ മലയാളത്തിളക്കം പദ്ധതിയിലൂടെ കടന്നുപോയി അതിൽ 276884 കുട്ടികൾ ലക്ഷ്യം കൈവരിച്ചു. |

സെക്ഷൻ ഓഫീസർ